"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26- " Participatory Tourism Development Projects 2025-26 (Part -2)-Kerala Responsible Tourism Mission Society-" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.364/2025/TSM   തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. സ.ഉ (സാധാ) നം.267/2025/ടൂറിസം, തീയതി 08-05-2025.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29-05-2025 തീയതിയിലെ DOT/1415/2025-P7 നമ്പർ കത്ത്.
4. 31-05-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

കേരളത്തിലെ പങ്കാളിത്ത വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിജയകരമായി നടപ്പിലാക്കി വരുന്ന സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ. ടി. വില്ലേജ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ യൂണിറ്റുകൾക്ക് സംരംഭകത്വ വികസനത്തിനും, പദ്ധതി പൂർത്തിയാക്കി പ്രസ്തുത പ്രദേശങ്ങളെ പുതിയ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളാക്കി പ്രഖ്യാപിക്കുന്നതിനും, മറ്റ് പ്രവർത്തനങ്ങൾക്കുമായി **Participatory Tourism Development Projects 2025-26 (Part -2)-Kerala Responsible Tourism Mission Society-** എന്ന പദ്ധതിയ്ക്ക് ₹93,77,718/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം ( 3 ) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

2. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നമ്പർ | ഘടകങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് (₹) |
|---|---|---|
| 1. | വനിതാ യൂണിറ്റുകൾക്കുള്ള സംരംഭകത്വ വികസന ധനസഹായം | 10,00,000 |
| 2. | ആർടി യൂണിറ്റുകൾക്കുള്ള സംരംഭക വികസന ധനസഹായം | 14,50,000 |
| 3. | സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ് പദ്ധതി പ്രദേശങ്ങളിൽ ഡെസ്റ്റിനേഷൻ ബ്രാൻഡിംഗ് ബോർഡുകളും സൈനേജ് ബോർഡുകളും സ്ഥാപിക്കുന്നതിന് | 11,50,000 |
| 4. | സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ ടി വില്ലേജ് പദ്ധതി പ്രദേശങ്ങളിൽ ആർട്ട് സ്ട്രീറ്റ് നടപ്പിലാക്കുന്നതിന് | 18,00,000 |
| 5. | പെരുമ്പളം, ചെമ്പ് പദ്ധതി പ്രദേശങ്ങളിൽ മോഡൽ ആർ ടി വില്ലേജ് ആർച്ചുകൾ | 10,00,000 |
| 6. | പിണറായി, അഞ്ചരക്കണ്ടി, തൃത്താല, പട്ടിത്തറ പദ്ധതി പ്രദേശങ്ങളിലെ റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി പബ്ലിഷ് ചെയ്യുന്നതിന് | 8,00,000 |
| 7. | തുണി സഞ്ചി വിതരണം - ഗ്രീൻ ഡെസ്റ്റിനേഷൻ | 6,00,000 |
| 8. | പദ്ധതി പ്രദേശങ്ങളെ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കലും പദ്ധതി പൂർത്തീകരണവും | 3,92,718 |
| 9. | ഫ്ലോട്ടിങ് മാർക്കറ്റ് - ചെമ്പ് ഗ്രാമപഞ്ചായത്ത് | 11,85,000 |
| | **ആകെ തുക** | **93,77,718** |
| **തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുനൂറ്റി പതിനെട്ട് രൂപ മാത്രം** | | |

3. 31-05-2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Participatory Tourism Development Projects 2025-26 (Part -2)-Kerala Responsible Tourism Mission Society-** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും **₹**93,77,718/- ( **തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി പതിനെട്ട് രൂപ മാത്രം**) രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**(i). The individual components of the proposal shall be approved by the KRTM Executive Committee.**

**(ii). KRTM Executive Committee shall fix a criteria for providing financial assistance to women entrepreneurs and based on this assistance shall be given like an incentive focused on capital asset creation.**

5. പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക്

വ്യൂ തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ (എക് സ്പെൻഡിച്ചർ) വകുപ്പ്

പി.ഐ.ഇ.&എം. വകുപ്പ്

വിനോദസഞ്ചാര (എ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/148 /2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 10:38:03

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.